| 26-04-2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - ഉയർന്ന പദവി നേടണമെങ്കിൽ ആത്മാവിൽ ജ്ഞാനത്തിന്റെ പെട്രോൾ നിറച്ചു കൊണ്ടിരിക്കൂ, അതിരാവിലെ എഴുന്നേറ്റ് ബാബയെ ഓർമ്മിക്കണം, ഒരു തലകീഴായ പെരുമാറ്റവും കാണിക്കരുത്.**

**ചോദ്യം:-** ബാബ എല്ലാ കുട്ടികളുടേയും ജാതകം അറിഞ്ഞിരുന്നിട്ടും എന്തുകൊണ്ടാണ് കേൾപ്പിക്കാത്തത്?

**ഉത്തരം:-** എന്തുകൊണ്ടെന്നാൽ ബാബ പറയുകയാണ് ഞാൻ ശിക്ഷകനാണ്, എന്റെ ജോലി നിങ്ങൾ കുട്ടികളെ പഠിപ്പിച്ച് നിങ്ങളെ പരിവർത്തനപ്പെടുത്തുക എന്നതാണ് ബാക്കി നിങ്ങളുടെ ഉള്ളിൽ ഉള്ളത് ഞാൻ പറയില്ല. ഞാൻ വന്നിരിക്കുന്നത് ആത്മാവിന് ഇഞ്ചക്ഷൻ നൽകുന്നതിനാണ്, ശരീരത്തിന്റെ രോഗങ്ങളെ ഇല്ലാതാക്കാനല്ല.

**ചോദ്യം:-** നിങ്ങൾ കുട്ടികൾ ഇപ്പോൾ ഏത് കാര്യത്തെ ഭയക്കുന്നില്ല, എന്തുകൊണ്ട്?

**ഉത്തരം:-** നിങ്ങൾക്ക് ഈ പഴയ ശരീരം ഉപേക്ഷിക്കാൻ ഭയമില്ല എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ബുദ്ധിയിലുണ്ട് - നമ്മൾ ആത്മാക്കൾ അവിനാശിയാണ്. ബാക്കി ഈ പഴയ ശരീരം പോയാലും നമ്മൾ തിരിച്ച് വീട്ടിലേക്ക് പോകും. നമ്മൾ അശരീരി ആത്മാവാണ്. ബാക്കി ഈ ശരീരത്തിൽ കഴിഞ്ഞു കൊണ്ട് ബാബയിൽ നിന്നും ജ്ഞാനാമൃതം കുടിക്കുകയാണ് അതിനാൽ ബാബ പറയുകയാണ് കുട്ടികളേ സദാ നന്നായി ജീവിക്കൂ, സേവാധാരിയാകൂ അപ്പോൾ ആയുസ്സ് വർദ്ധിക്കും.

**ഗീതം:-** ബാല്യകാല ദിനങ്ങൾ മറക്കരുത്.....

**ഓം ശാന്തി**. കുട്ടികൾ ഗീതം കേട്ടോ. ആരെയാണോ മമ്മ ബാബാ എന്ന് വിളിക്കുന്നത് അവരെ മറക്കരുത്. ആരാണോ ഗീതം ഉണ്ടാക്കിയത് അവർക്ക് ഇതിന്റെ അർത്ഥമൊന്നും അറിയില്ല. നമ്മൾ ആ പരമപിതാ പരമാത്മാവിന്റെ സന്താനങ്ങളാണ് എന്ന നിശ്ചയവും ഇല്ല. പരംപിതാ പരമാത്മാവിന്, പതിതരെ പാവനമാക്കുന്നതിന് വരേണ്ടി വരുന്നു. എത്ര ഉയർന്ന സേവനത്തിനു വേണ്ടിയാണ് വരുന്നത്. ബാബക്ക് ഒരു അഭിമാനവും ഇല്ല, ബാബയെ നിരഹങ്കാരി എന്നാണ് പറയാറുള്ളത്. ബാബക്ക് നിശ്ചയബുദ്ധി അഥവാ ദേഹിഅഭിമാനി ആകേണ്ട കാര്യമില്ല. ബാബ ഒരിക്കലും സംശയത്തിലേക്ക് വരുന്നില്ല. ദേഹാഭിമാനി ആകുന്നില്ല. മനുഷ്യർക്ക് ദേഹാഭിമാനിയിൽ നിന്നും ദേഹിഅഭിമാനി ആകുന്നതിന് എത്രയധികം പരിശ്രമം ചെയ്യേണ്ടി വരുന്നു. ബാബ പറയുകയാണ് സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. മനുഷ്യർ സ്വയത്തെ പരമാത്മാവാണെന്ന് മനസ്സിലാക്കാനാണ് പഠിപ്പിക്കുന്നത്. എത്ര വ്യത്യാസമാണ് ഉള്ളത്. ഒരു ഭാഗത്ത് പരമാത്മാവിനെ പതിത പാവനനായി കാണുന്നു, പിന്നെ പറയുകയാണ് സർവ്വരിലും പരമാത്മാവുണ്ട്. അവർക്കെല്ലാം പോയി മനസ്സിലാക്കി കൊടുക്കണം. നിങ്ങൾ കുട്ടികളെ പരിവർത്തനപ്പെടുത്തുന്നതിന് വേണ്ടി എവിടെ നിന്നാണ് ബാബ വന്നിരിക്കുന്നത്. ആർക്കാണോ പക്കാ നിശ്ചയമുള്ളത് അവർ പറയും തീർച്ചയായും ബാബ നമ്മുടെ മാതാപിതാവാണ്. ഞങ്ങൾ അങ്ങയുടെ ശ്രീമത്തിലൂടെ നടന്ന് ശ്രേഷ്ഠ ദേവതയാകുന്നതിനാണ് ഇവിടെ വന്നിരിക്കുന്നത്. പരമാത്മാവ് സദാ പാവനമാണ്. ബാബയെ വിളിക്കുന്നുണ്ട് - പതിത ലോകത്തിലേക്ക് വരൂ. അതിനാൽ തീർച്ചയായും പതിത ശരീരത്തിലേക്കാണല്ലോ വരേണ്ടി വരുക. പതിത ലോകത്തിൽ ഒരു പാവനമായ ശരീരവും ഉണ്ടാകില്ല. അതിനാൽ ബാബയെ നോക്കൂ എത്ര നിരഹങ്കാരിയാണ്, പതിത ശരീരത്തിലേക്ക് വരേണ്ടി വരുന്നു. നമ്മൾ സമ്പൂർണ്ണരല്ല, ഇപ്പോൾ ആവുകയാണ്.

ഇപ്പോൾ പരിധിയില്ലാത്ത ബാബ പറയുകയാണ് കുട്ടികളേ, ശ്രീമത്തിലൂടെ നടക്കണം. ബാബ ശ്രീമത്ത് നൽകുകയാണ് - അതിരാവിലെ എഴുന്നേറ്റ് ഓർമ്മയിലിരിക്കൂ എങ്കിൽ പാപം ഭസ്മമാകും. ശ്രീമത്തിലൂടെ നടക്കുന്നില്ലെങ്കിൽ വികർമ്മം വിനാശമാകില്ല. വാനരൻ വാനരനായിട്ടു തന്നെയിരിക്കും അതോടൊപ്പം വളരെ കടുത്ത ശിക്ഷയും അനുഭവിക്കേണ്ടി വരും. മൃഗങ്ങൾക്കൊന്നും ശിക്ഷ അനുഭവിക്കേണ്ടതില്ല. ശിക്ഷ മനുഷ്യർക്കാണ് കിട്ടുന്നത്. അഥവാ കാള ആരെയെങ്കിലും ഇടിച്ചു, അവർ മരിച്ചാൽ കാളയെ ജയിലിൽ ഇടാറുണ്ടോ. മനുഷ്യരെ ഉടനെ തന്നെ ജയിലിലേക്ക് കൊണ്ടുപോകും. ബാബ മനസ്സിലാക്കി തരുകയാണ് ഈ സമയത്ത് മനുഷ്യർ മൃഗങ്ങളേക്കാൾ മോശമാണ്. അവർക്കാണ് ഇപ്പോൾ മനുഷ്യനിൽ നിന്നും ദേവതയാകേണ്ടത്. ബാബ മനസ്സിലാക്കി തരുകയാണ് - ഈ ലക്ഷ്മി നാരായണനും ഗീതയുടെ ജ്ഞാനമറിയില്ല. അവിടെ ഇതിന്റെ ആവശ്യമില്ല എന്തുകൊണ്ടെന്നാൽ രചയിതാവ് ബാബയാണ്. അവിടെ ആരും ത്രികാലദർശി ആകുന്നില്ല. ഇപ്പോൾ മനുഷ്യർ ത്രികാലദർശി അല്ലാതെ തന്നെ സ്വയത്തെ ഭഗവാനാണ് എന്നാണ് പറയുന്നത്. അതിനാൽ വലിയ വാക്കുകളിൽ എഴുതിക്കോളൂ ഗീതയുടെ ഭഗവാൻ പരംപിതാ

പരമാത്മവാണ് അല്ലാതെ കൃഷ്ണനല്ല. ഈ മുഖ്യമായ തെറ്റാണ് ആരുടേയും ബുദ്ധിയിൽ ഇരിക്കാത്തത്. കുട്ടികളും ആരുടെ ബുദ്ധിയിലും ഇത് മനസ്സിലാക്കിക്കൊടുക്കുന്നില്ല. ഭാരതം സ്വർഗ്ഗമായിരുന്നു, ഇത് മറന്നു. കല്പത്തിന്റെ ആയുസ്സിനെ ലക്ഷകണക്കിനു വർഷമാണെന്ന് പറഞ്ഞു അതിനാൽ ഏതെങ്കിലും പഴയ വസ്തു കിട്ടിയാൽ ലക്ഷകണക്കിനു വർഷമുള്ളതാണെന്ന് പറയുന്നു. ചിലപ്പോഴെല്ലാം ചിലർ പറയുന്നുണ്ട് – ക്രിസ്തുവിന് 3000 വർഷങ്ങൾക്ക് മുമ്പ് ഭാരതം സ്വർഗ്ഗമായിരുന്നു. നിങ്ങൾക്ക് അറിയാം നമ്മൾ ദേവതകളായിരുന്നു. മായ നമ്മളെ തീർത്തും കക്കക്കു തുല്യമാക്കി മാറ്റി. ഒരു വിലയുമില്ല. അതിനാൽ ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഘോരമായ ഇരുട്ടിൽ നിന്നും രക്ഷപ്പെടണം. നിങ്ങൾക്ക് തന്നെ സ്വയത്തെ വാനരനാണ് എന്ന് പറയേണ്ടി വരുന്ന തരത്തിൽ കർമ്മം ചെയ്യരുത്. ഞാൻ എത്ര ദൂരദേശത്തിൽ നിന്നാണ് വരുന്നത്, നിങ്ങളുടെ അഴുക്ക് വസ്ത്രത്തെ അലക്കാനാണ് വന്നിരിക്കുന്നത്, നിങ്ങൾ ആത്മാക്കൾ വളരെ അഴുക്ക് നിറഞ്ഞവരായി. ഇപ്പോൾ എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ ജ്യോതി തെളിയും. ജ്ഞാനത്തിന്റെ പെട്രോൾ നിറച്ചു കൊണ്ട് പോകണം. എങ്കിൽ അവിടെയും എന്തെങ്കിലും പദവി നേടാം. അവിടെ ദാസനും ദാസിയുമായി മാറുന്നത് നല്ലതല്ല. ഇത് രാജയോഗമാണെങ്കിൽ ഉയർന്ന പദവി വേണം നേടാൻ. ദാസനും ദാസിയുമായി മാറുകയാണെങ്കിൽ ഭഗവാനിൽ നിന്നും എന്ത് സമ്പത്താണ് നേടിയത്, ഒന്നുമില്ല. ബാബയോട് ആരെങ്കിലും ചോദിച്ചാൽ ബാബ പെട്ടെന്ന് തന്നെ പറയും. സൂചനയിലൂടെ തന്നെ കാര്യങ്ങൾ ചെയ്യണം. പറയാതെ തന്നെ ചെയ്യുന്നവർ ദേവതകളാണ്....പറഞ്ഞിട്ട് ചെയ്യുന്നവരാണ് മനുഷ്യർ. നിങ്ങൾക്ക് ദേവതയാകുന്നതിനുള്ള ശ്രീമത്താണ് ലഭിച്ചിരിക്കുന്നത്. ശ്രേഷ്ഠമാക്കി മാറ്റുന്ന ബാബ പറയുകയാണ് പ്രദർശിനിയിൽ വലിയ വലിയ അക്ഷരത്തിൽ എഴുതണം അതിലൂടെ എല്ലാവരുടേയും കണ്ണ് തുറക്കണം അതായത് കൃഷ്ണൻ ഭഗവാനല്ല, ആ ആത്മാവും പുനർജന്മത്തിലേക്ക് വരുന്നുണ്ട്. അവർ മനസ്സിലാക്കുന്നത് കൃഷ്ണൻ ജനന മരണത്തിലേക്ക് വരുന്നില്ല എന്നാണ്, എല്ലായിടത്തും ഉണ്ടെന്ന് വിശ്വസിക്കുന്നു. ഹനുമാന്റെ പൂജാരി പറയും – ഹനുമാനാണ് എല്ലായിടത്തും ഉള്ളത്. ഇവിടെ നിങ്ങൾക്ക് ഒരു ബാബയിൽ നിന്നുമാണ് സമ്പത്ത് നേടേണ്ടത്. ഗീതയുടെ ഭഗവാൻ നിങ്ങളെ വജ്രസമാനമാക്കുകയാണ്. ആ പേര് മാറ്റിയതിലൂടെ ഭാരത്തിന്റെ ഗതി എന്തായി. ഈ കാര്യം ഇപ്പോഴും തീവ്രമായ രീതിയിൽ മനസ്സിലാക്കി കൊടുത്തിട്ടില്ല. ജ്ഞാനത്തിന്റെ സാഗരൻ ഒരാളാണ്. ബാബ പതിതപാവനനാണ്. അവർ ഗംഗയെ ആണ് പതിത പാവനി എന്ന് പറയുന്നത്. ഇപ്പോൾ സാഗരത്തിൽ നിന്നുമാണ് ഗംഗ ഉത്ഭവിച്ചിരിക്കുന്നത്, അപ്പോൾ എന്തുകൊണ്ട് സാഗരത്തിൽ പോയി സ്നാനം ചെയ്തുകൂടാ. അവർക്ക് മനസ്സിലാക്കി കൊടുക്കണമെങ്കിൽ നിങ്ങൾക്ക് ദൈവീക ഗുണങ്ങളുണ്ടാകണം. എല്ലാവർക്കും മനസ്സിലാക്കി കൊടുക്കണം – നമ്മൾ ബാബയുടെ മഹിമയാണ് ചെയ്യുന്നത്. നിരാകാരനായ പരമാത്മാവിനെ എല്ലാവരും അംഗീകരിക്കുന്നുണ്ട പക്ഷെ സർവ്വവ്യാപി എന്നാണ് പറയുന്നത്. പറയുന്നുണ്ട് അല്ലയോ രാമാ, അല്ലയോ പരമാത്മാവേ. മാല ജപിക്കുന്നുണ്ട്. മുകളിൽ പൂവുമുണ്ട്. അതിന്റെ അർത്ഥവും മനസ്സിലാക്കുന്നില്ല. പൂവും അതിന്റെ അടുത്തുള്ള യുഗ്മ മുത്തുകളും. മാതാ പിതാവ് പ്രവൃത്തി മാർഗ്ഗമാണല്ലോ. രചനകളെ രചിക്കുന്നതിന് മാതാ പിതാവ് വേണമല്ലോ. അതിനാൽ ഇതിൽ പ്രവേശിച്ച് നിങ്ങളെ യോഗ്യരാക്കുകയാണ്, പിന്നീട് അവരുടെ ഓർമ്മയായിട്ടാണ് മാല സ്മരിക്കുന്നത്. പരമാത്മാവിന്റെ അതുപോലെ ആത്മാവിന്റെ രൂപം എന്താണ്, അതും അറിയില്ല. നിങ്ങൾ പുതിയ കാര്യമാണ് കേട്ടത്. പരമാത്മാവ് ഒരു ചെറിയ ബിന്ദുവാണ്. അത്ഭുതമല്ലേ – ഇത്രയും ചെറിയ ബിന്ദുവിനെ ആരെങ്കിലും ജ്ഞാന സാഗരനാണെന്ന് അംഗീകരിക്കുമോ? മനുഷ്യരെ അംഗീകരിക്കും. പക്ഷെ അത് മനുഷ്യർക്ക് മനുഷ്യരിലൂടെ പ്രാപ്തമായ ജ്ഞാനമാണ് – ഇതിലൂടെയാണ് ദുർഗതി ഉണ്ടായത്. ഇവിടെ സ്വയം ഭഗവാൻ വന്ന് ജ്ഞാനം നൽകി സദ്ഗതി നൽകുകയാണ് അർത്ഥം രാജാക്കന്മാരുടേയും രാജാവാക്കുകയാണ്. നിങ്ങൾക്ക് അത്ഭുതം തോന്നുന്നുണ്ടാകുമല്ലോ. ആത്മാവ് ചെറിയ ബിന്ദുവാണ്, ഇത് സൂക്ഷമാണ്. അതുപോലെ ആയിരിക്കുമല്ലോ ബാബയും എന്നാൽ ബാബ എത്ര ഉയർന്ന അധികാരിയാണ്. പതിത ലോകത്തിലെ പതിത ശരീരത്തിലേക്ക് വന്ന് എങ്ങനെയാണ് പഠിപ്പിക്കുന്നത്. ലോകർക്ക് ഈ കാര്യങ്ങളെ കുറിച്ച് എന്താണ് അറിയുക. അവർ തലകീഴായതിൽ കുടുങ്ങി കിടക്കുകയാണ്. ഇപ്പോൾ ബാബ ആജ്ഞ നൽകുകയാണ് ആരാണോ എന്റെ മതത്തിലൂടെ നടക്കുന്നത് അവരാണ് സ്വർഗ്ഗത്തിന്റെ അധികാരിയാവുക, ഇതിൽ ഭയത്തിന്റെ കാര്യമില്ല. നമ്മൾ ആത്മാക്കൾ അശരീരിയാണ്. ഇപ്പോൾ തിരിച്ച് പോകണം. ഞാൻ അവിനാശിയായ ആത്മാവാണ്. ബാക്കി ഈ പഴയ ശരീരം പോയാലും എന്താണ്. അതെ ബാബ ജ്ഞാനാമൃതം കുടിപ്പിക്കുകയാണ് അതിനാൽ നന്നായി ജീവിച്ചോളൂ. അതും ആരാണോ സേവാധാരികളായ കുട്ടികൾ അവരുടെ ആയുസ്സ് വർദ്ധിക്കും. പ്രദർശിനിയിൽ സേവനം ധാരാളം ചെയ്യണം, വളരെ അഭിവൃദ്ധി ഉണ്ടാകും. കൃഷ്ണന്റെ അതുപോലെ ബാബയുടെ മഹിമയിൽ വളരെ വ്യത്യാസമുണ്ട്. ബാബ പറയുകയാണ് നിങ്ങൾ സ്വർഗ്ഗത്തിൽ പാവനമായിരുന്നു. ഇപ്പോൾ എങ്ങനെയാണ് പതിതമായത്, അറിയണമല്ലോ. ബാബ വന്ന് കല്ലു ബുദ്ധിയെ പവിഴബുദ്ധിയാക്കുകയാണ്.

ഈശ്വരീയ സന്താനം ഒരിക്കലും ആർക്കും മനസ്സാ വാചാ കർമ്മണാ ദുഖം കൊടുക്കരുത്. ബാബ പറയുകയാണ് ദുഖം നൽകിയാൽ വളരെയധികം ദുഖം അനുഭവിച്ച് മരിക്കേണ്ടി വരും. എപ്പോഴും എല്ലാവർക്കും സുഖം കൊടുക്കണം. വീട്ടിലും വരുന്ന അതിഥികളുടെ നല്ല സേവനം ചെയ്യണം. ഇത് പഴയ ശരീരമാണ്, കണക്കുകളെ അനുഭവിച്ച്, ഇല്ലാതാക്കി പോകണം, ഇതിൽ ഭയക്കരുത്. ഇല്ലെങ്കിൽ പിന്നെ ശിക്ഷ അനുഭവിക്കേണ്ടി വരും. വളരെ മധുരമായി മാറണം. ബാബ എത്ര സ്നേഹത്തോടെയാണ് മനസ്സിലാക്കി തരുന്നത്. സമ്പാദിക്കുമ്പോൾ കോട്ടുവായിടുകയോ അലസത ഉള്ളവരാകുകയോ ചെയ്യരുത്. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ സദാ നിരോഗി ആകും. നിങ്ങളെ സ്വർഗ്ഗത്തിലേക്ക് കൊണ്ടു പോകാൻ വന്നിരിക്കുകയാണ്, അതിനാൽ ഒരു തലതിരിഞ്ഞ കർമ്മവും ചെയ്യരുത്. ധാരാളം സങ്കല്പങ്ങൾ വരും – എന്തെങ്കിലും എടുത്ത് കഴിക്കണം , ഇവരെ കെട്ടിപ്പിടിക്കണം എന്ന് . ബാബക്ക് കുട്ടികളുടെ ജാതകം അറിയാം, അതിനാൽ നല്ല പെരുമാറ്റം ധാരണ ചെയ്യൂ. ബാബ പറയുകയാണ് എനിക്ക് എല്ലാവരുടേയും ജാതകം അറിയാം. പക്ഷെ നിങ്ങളുടെ ഉള്ളിൽ എന്താണ് എന്നത് ഓരോരുത്തരോടും ഇരുന്ന് പറയാൻ കഴിയുമോ. എന്റെ ജോലിയാണ് പഠിപ്പിക്കുക. ഞാൻ ടീച്ചറാണ്. അല്ലാതെ ഇങ്ങനെയല്ല ബാബക്ക് അറിയാം – നമുക്കുള്ള മരുന്ന് സ്വയം വരും. ബാബ പറയുന്നു കുട്ടികളെ രോഗം ഉണ്ടെങ്കിൽ വൈദ്യന്റെ അടുത്തേക്ക് പോകൂ. ഏറ്റവും നല്ല മരുന്നാണ് യോഗം. ബാക്കി നിങ്ങൾക്ക് മരുന്ന് നൽകുന്ന വൈദ്യനൊന്നുമല്ല ഞാൻ..ചിലപ്പോൾ കൊടുക്കാറുണ്ട്, ഡ്രാമയിൽ ഉണ്ടെങ്കിൽ. ബാക്കി ഞാൻ ആത്മാക്കൾക്ക് ഇഞ്ചക്ഷൻ നൽകാനാണ് വന്നിരിക്കുന്നത്. ഡ്രാമയിൽ ഉണ്ടെങ്കിൽ മരുന്ന് നൽകാറുണ്ട്. ബാക്കി ഇങ്ങനെയല്ല ബാബ സർവ്വശക്തിവാനാണല്ലോ, എന്തുകൊണ്ട് രോഗത്തിൽ നിന്നും നമ്മളെ മുക്തമാക്കി കൂടാ. ഭഗവാൻ എന്ത് ആഗ്രഹിക്കുന്നോ അത് ചെയ്യും. ഇല്ല, ബാബ പതിതരെ പാവനമാക്കുന്നതിനാണ് വന്നിരിക്കുന്നത്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) മനസ്സാ-വാചാ-കർമ്മണാ ആർക്കും ദുഃഖം കൊടുക്കരുത്. കർമ്മകണക്കിനെ ഭയക്കരുത്. സന്തോഷത്തോടെ പഴയ കർമ്മകണക്കുകളെ ഇല്ലാതാക്കണം.

2) സങ്കല്പങ്ങൾക്ക് വശപ്പെട്ട് ഏതെങ്കിലും തലകീഴായ കർമ്മം ചെയ്യരുത്. നല്ല പെരുമാറ്റത്തെ ധാരണ ചെയ്യണം. ദേവതയാകുന്നതിന് സൂചനയിലൂടെ തന്നെ മനസ്സിലാക്കി ചെയ്യൂ. പറയേണ്ടി വരരുത്.

## വരദാനം:- പരിധിയില്ലാത്ത സമ്പൂർണ്ണ അധികാരത്തിന്റെ നിശ്ചയത്തിലും ആത്മീയ ലഹരിയിലും കഴിയുന്ന സർവ്വശ്രേഷ്ഠ സമ്പന്നനായി ഭവിക്കൂ

വർത്തമാന സമയം താങ്കൾ കുട്ടികൾ ഇങ്ങനെ ശ്രേഷ്ഠമായ സമ്പൂർണ്ണ അധികാരിയായാണ് മാറുന്നത്, നിങ്ങൾക്ക് സ്വയം സർവ്വശക്തനുമേൽ അധികാരമുണ്ട്. പരമാത്മാ അധികാരീ കുട്ടികൾ സർവ്വ സംബന്ധങ്ങളുടെയും സമ്പത്തിന്റെയും അധികാരം പ്രാപ്തമാക്കുന്നു. ഈ സമയം മാത്രമാണ് ബാബയിലൂടെ സർവ്വ ശ്രേഷ്ഠ സമ്പന്നനായി ഭവിക്കുന്നതിന്റെ വരദാനം ലഭിക്കുന്നത്. താങ്കളുടെ പക്കൽ സർവ്വ ഗുണങ്ങളുടെയും, സർവ്വ ശക്തികളുടെയും ശ്രേഷ്ഠ ജ്ഞാനത്തിന്റെയും അവിനാശിയായ സമ്പത്തുണ്ട്, അതുകൊണ്ട് താങ്കളെപ്പോലെയുള്ള സമ്പന്നനായി മറ്റാരും തന്നെയില്ല.

## സ്ലോഗൻ:- സദാ ഉണർവ്വോടെ കഴിയുകയാണെങ്കിൽ അശ്രദ്ധ സമാപ്തമാകും.

### മാതേശ്വരിജിയുടെ അമൂല്യ മഹാവാക്യം –<br>“പരമാത്മാവിനെക്കുറിച്ച് അനേക മനുഷ്യരുടെ അഭിപ്രായത്തിനുള്ള അന്തിമ തീരുമാനം”

ഇപ്പോൾ ഈ കാര്യം മുഴുവൻ ലോകത്തിനുമറിയാം പരമാത്മാവ് ഏകനാണ്, അതേ പരമാത്മാവിനെ തന്നെയാണ് ചിലർ ശക്തിയായി അംഗീകരിക്കുന്നത്, ചിലർ പ്രകൃതിയെന്ന് പറയുന്നു, അർത്ഥം ഏതെങ്കിലുമെല്ലാം രൂപത്തിൽ തീർച്ചയായും അംഗീകരിക്കുന്നുണ്ട്. അപ്പോൾ ഏത് വസ്തുവിനെയാണോ

അംഗീകരികക്കുന്നത് അത് അവശ്യം ഒരു വസ്തുവായിരിക്കും അപ്പോഴാണല്ലോ അതിന് പേര് വന്നിരിക്കുന്നത് എന്നാൽ ആ ഒരു വസ്തുവിനെക്കുറിച്ച് ഈ ലോകത്തിൽ എത്രത്തോളം മനുഷ്യരുണ്ടോ അത്രയും അഭിപ്രായങ്ങളാണ്, എന്നാൽ വസ്തു വീണ്ടും ഒന്നുതന്നെയാണ്. അതിൽ മുഖ്യമായും നാല് അഭിപ്രായങ്ങളാണ് കേൾപ്പിക്കുന്നത് – ചിലർ പറയുന്നു ഈശ്വരൻ എല്ലായിടത്തുമുണ്ട്, ചിലർ പറയുന്നു, എല്ലായിടത്തുമുള്ളത് ബ്രഹ്മമാണ്. ചിലർ പറയുന്നു ഈശ്വരൻ സത്യവും മായ മിഥ്യയുമാണ്, ചിലർ പറയുന്നു ഈശ്വരനേ ഇല്ല, പ്രകൃതിയാണ് എല്ലാം. അവർ പിന്നീട് ഈശ്വരനെ അംഗീകരിക്കുന്നില്ല. ഇപ്പോൾ ഇതാണ് ഇത്രയും മതങ്ങൾ. അവർ മനസ്സിലാക്കുന്നത് പ്രകൃതി തന്നെ പ്രകൃതിയാണ്, അല്ലാതെ ഒന്നും തന്നെയില്ല. ഇപ്പോൾ നോക്കൂ പ്രകൃതിയെ സൃഷ്ടിയെ അംഗീകരിക്കുന്നു എന്നാൽ ഏത് പരമാത്മാവാണോ ഈ സൃഷ്ടി രചിച്ചത്, ആ സൃഷ്ടിയുടെ അധികാരിയെ അംഗീകരിക്കുന്നില്ല! ലോകത്തിൽ എത്ര അനേകം മനുഷ്യരാണോ ഉള്ളത്, അവരുടേതാണ് ഇത്രയും അഭിപ്രായങ്ങൾ, അവസാനം ഈ എല്ലാ അഭിപ്രായങ്ങളുടെയും തീരുമാനം സ്വയം പരമാത്മാവ് വന്ന് നൽകുന്നു. ഈ മുഴുവൻ ലോകത്തിന്റെയും നിർണ്ണയം പരമാത്മാവ് വന്ന് ചെയ്യുന്നു അഥവാ ആരാണോ സർവ്വോത്തമ ശക്തിവാനായിട്ടുള്ളത്, അവരാണ് തന്റെ രചനയുടെ നിർണ്ണയം വിസ്താരപൂർവ്വം മനസ്സിലാക്കി തരിക, ആ പരമാത്മാവ് നമുക്ക് രചയിതാവിന്റെ പരിചയവും നൽകുന്നു പിന്നീട് തന്റെ രചനയുടെ പരിചയവും നൽകുന്നു. ശരി – ഓം ശാന്തി.

.